**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1678** **11-10-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ഗവ. ആർട്സ് & സയൻസ് കോളേജ് കെട്ടിടത്തിന്റെ വാടക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ പ്രവർത്തനം അമരമ്പലം പഞ്ചായത്തിലെ പൂക്കോട്ടുംപാടത്ത് നിന്നും നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ വാടക കെട്ടിടത്തിലേക്ക് മാറ്റിയ വർഷവും മാസവും തീയതിയും അറിയിക്കുമോ; പ്രസ്തുത വാടക കെട്ടിടസമുച്ചയത്തിന് പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ച വാടക എത്രയാണെന്നും കെട്ടിടത്തിന്റെ ഉടമയ്ക്ക് വാടകയിനത്തിൽ എത്ര തുകയാണ് നൽകിയതെന്നും വ്യക്തമാക്കുമോ; | (എ) | 19.06.2023-ന് അമരമ്പലം പഞ്ചായത്തിലെ പൂക്കോട്ടും പാടത്തു നിന്ന് നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ വാടക കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റി. പൊതുമരാമത്ത് വകുപ്പ് വാടക നിശ്ചയിച്ച് നൽകിയിട്ടില്ല. |
| (ബി) | നിലമ്പൂർ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് സ്ഥിതി ചെയ്യുന്ന കെട്ടിട ഉടമയ്ക്ക് വാടകയിനത്തിൽ നാളിതുവരെ തുകയൊന്നും ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ നിലവിൽ ഏത് കാര്യാലയത്തിലാണ് കൈകാര്യം ചെയ്യുന്നതെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ; | (ബി) | വാടക നിശ്ചയിക്കുന്നതിനായി അസിസ്റ്റൻറ് എഞ്ചിനീയർ, പൊതുമരാമത്ത് കെട്ടിടവിഭാഗം, നിലമ്പൂർ ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് (ഫയൽ നമ്പർ : A2/638/2023/GASCNLMR). |
| (സി) | വാടകയിനത്തിലെ തുക നൽകുന്നതിനായി ശേഷിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും പ്രസ്തുത തുക എന്നത്തേക്ക് നൽകുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (സി) | പൊതുമരാമത്ത് വകുപ്പ് വാടക നിശ്ചയിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുക നൽകുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ